**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 119** **08-12-2022 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ കെ ആൻസലൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കടൽക്ഷോഭവും മറ്റ് പ്രകൃതിദുരന്തങ്ങളും മൂലം സംസ്ഥാനത്തെ തീരദേശ ജനത നേരിടുന്ന വിവിധങ്ങളായ ബുദ്ധിമുട്ടുകൾക്ക് ശാശ്വതമായ പരിഹാരം കാണുന്നതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാർ ആരംഭിച്ച ബൃഹത്തായ പുനരധിവാസ പദ്ധതിയായ പുനർഗേഹം പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ; | (എ) | തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവ കുടുംബങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന 2450 കോടി രൂപ അടങ്കൽ തുകയുള്ള ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2018 വർഷത്തിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് നടത്തിയ വിശദമായ സർവ്വേ പ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ 18,685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തി യിട്ടുണ്ട്. പദ്ധതി പ്രകാരം വ്യക്തിഗത ഭവനങ്ങളും ഭവന സമുച്ചയങ്ങളും നിർമ്മിച്ച് പുനരധിവാസം ഉറപ്പാക്കുന്നു.<br><br>2018-ലെ സർവ്വേയുടെ അടിസ്ഥാനത്തിൽ കണ്ടെത്തിയ 18685 കുടുംബങ്ങളും അപ്പീൽ അപേക്ഷകളും ഉൾപ്പെടെ ആകെ 21,220 കുടുംബങ്ങളാണ് 50 മീറ്ററിനുള്ളിൽ അധിവസിക്കുന്നത്. പദ്ധതി പ്രകാരം 8675 ഗുണഭോക്താക്കൾ മാറി താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ഇതിൽ 3653 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരിക്കുകയും 3033 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 1773 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുമുണ്ട്.<br><br>പുനർഗേഹം പദ്ധതി പ്രകാരം നിർമ്മാണം പൂർത്തീകരിച്ച 390 ഫ്ലാറ്റുകൾ |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 556 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇതിൽ ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് നിർമിക്കുന്ന 228 ഫ്ലാറ്റുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. പദ്ധതി പ്രകാരം 2,163 കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിച്ചിട്ടുണ്ട്. കൂടാതെ 2664 കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. |
| (ബി) | പുനർഗേഹം പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം നീക്കിവച്ചിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | പുനർഗേഹം പദ്ധതിയുടെ ആകെ അടങ്കൽ 2,450 കോടി രൂപയാണ് ഇതിൽ 1,398 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1,052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്. 2022-23 സാമ്പത്തിക വർഷം പ്ലാൻ ശീർഷകത്തിൽ 16 കോടി രൂപയാണ് പദ്ധതിയ്ക്കായി വകയിരുത്തിയിരുന്നത്. മേൽ തുകയോടൊപ്പം അഡീഷണൽ ഓതറൈസേഷൻ മുഖാന്തിരം 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അപ്രകാരം ആകെ അനുവദിച്ചിട്ടുള്ള 41 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.<br><br>നിലവിൽ രജിസ്ട്രേഷൻ പൂർത്തിയാക്കിയ 450-ൽപരം ഗുണ ഭോക്താക്കൾക്കും ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തിയാക്കിയ 900-ൽപരം ഗുണ ഭോക്താക്കൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി ഭൂമി കണ്ടെത്തുന്നതിനും അവയുടെ വില നിശ്ചയിക്കുന്നതിനുമുള്ള നടപടികൾ വേഗത്തിലാക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് അറിയിക്കുമോ; | (സി) | പുനർഗേഹം പദ്ധതി പ്രകാരം അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ്, റവന്യൂ വകുപ്പ്, ജനപ്രതിനിധികൾ എന്നിവരുടെ സഹകരണം ഉറപ്പു വരുത്തിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും ഭൂമി കണ്ടെത്തുന്നതുൾപ്പെടെ യുള്ള പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് പ്രോജക്ട് കോ-ഓർഡിനേറ്റർമാർക്കും മോട്ടിവേറ്റർ മാർക്കും ലക്ഷ്യം നൽകി നടപടി സ്വീകരിച്ചു വരുന്നു. ജില്ലകളിൽ ലഭ്യമായ സർക്കാർ ഭൂമി സംബന്ധിച്ച വിവരം റവന്യൂ വകുപ്പിൽ നിന്നും ലഭ്യമാക്കി തുടർ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ സെപ്റ്റംബർ 23 മുതൽ ഡിസംബർ 31 വരെ 100 ദിവസം നീണ്ടു നിൽക്കുന്ന ജ്വാല-2022 എന്ന പരിപാടി പുനർഗേഹം പദ്ധതി നിർവ്വഹണ യൂണിറ്റിന്റെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇത് പ്രകാരം പ്രാദേശിക തലത്തിൽ ജനപ്രതിനിധികളെ കൂടി ഉൾപ്പെടുത്തി യോഗങ്ങൾ ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.<br><br>ഭൂമിയുടെ വില നിശ്ചയിച്ച് നൽകുന്നതിനായി സമീപ പ്രദേശത്ത് 3 വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൂന്ന് വസ്തുക്കളുടെ പ്രമാണം പരിശോധിക്കുകയും അതിൽ സമാന സ്വഭാവമുള്ള വസ്തുവിന്റെ വില ബേസിക് വാല്യു ആയി കണക്കാക്കി സ്ഥലത്തിന്റെ ബേസിക് വാല്യുവിനെ നിശ്ചിത മൾട്ടിപ്ലിക്കേഷൻ ഫാക്ടർ കൊണ്ട് ഗുണിച്ച് പരമാവധി 100 % സൊലേഷൻ കൂടി കൂട്ടി സ്റ്റാട്യൂട്ടറി വാല്യൂ കണ്ടെത്തുന്നു. സ്റ്റാട്യൂട്ടറി വിലയേക്കാൾ പരാമാവധി 100% വരെ അധിക വില നെഗോഷ്യേറ്റ് ചെയ്താണ് ജില്ലാ കളക്ടർ അധ്യക്ഷനായ സമിതി വില നിശ്ചയിക്കുന്നത്. ഇത്തരത്തിൽ നിശ്ചയിക്കുന്ന തുക 6,00,000/- (ആറ് ലക്ഷം) രൂപയിൽ അധികരിക്കാൻ പാടില്ല. ആയത് നിശ്ചയിച്ച് നൽകുന്നതിന് ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ - കൺവീനറും ബന്ധപ്പെട്ട തഹസീൽദാർ, ഡെപ്യൂട്ടി കളക്ടർ, ഫിനാൻസ് ഓഫീസർ എന്നിവർ അംഗങ്ങളുമായ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) | തീരദേശ ജനതയുടെ സുരക്ഷയ്ക്കും തീരദേശത്തിന്റെ സമഗ്ര വികസനത്തിനുമുള്ള ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനമടക്കം എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | പുനർഗേഹം പദ്ധതി പ്രകാരം സമയ ബന്ധിതമായി ഭൂമി കണ്ടെത്തുന്നതിനും രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനും ഗുണ ഭോക്താക്കൾക്ക് സഹായം നൽകി വരുന്നു. ഫിഷറീസ്, റവന്യൂ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രതിനിധികളും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ് പ്രതിനിധികളും ഉൾപ്പെടുന്ന ഇന്റർ ഡിപ്പാർട്ട്മെന്റൽ ടീം രൂപീകരിച്ച് സമയബന്ധിതമായി ഭൂമിയുടെ അനുയോജ്യത പരിശോധിച്ച് നടപടി സ്വീകരിക്കുന്നു. കൂടുതൽ ഗുണഭോക്താക്കളെ ഒരുമിച്ച് പുനരധിവസിപ്പിക്കുന്നതിനായി ഫ്ലാറ്റുകൾ നിർമ്മിക്കുന്നു. പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഫീൽഡ് തല പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി പ്രോജക്ട് കോ-ഓർഡിനേറ്റർമാരെയും മോട്ടിവേറ്റർമാരെയും നിയമിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ സംസ്ഥാനതല ഏകോപനം നിർവ്വഹിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | പ്രത്യേക ചുമതല പദ്ധതി നിർവ്വഹണ യൂണിറ്റിന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ സമയബന്ധിത പൂർത്തീകരണം നിരീക്ഷിക്കുന്നതിനായി സംസ്ഥാനതല അപ്പെക്സ് കമ്മിറ്റിയും പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് വകുപ്പുതല സ്റ്റിയറിംഗ് കമ്മിറ്റിയും ജില്ലയിലെ പദ്ധതി നിർവ്വഹണത്തിന്റെ സമയബന്ധിത പൂർത്തീകരണത്തിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ